# ചാവ് പേൻ

പുഴുക്കളെപ്പോലെ അളയിക്കുന്ന പേൻ , വിരൽ താഴ്ത്തി നീണ്ട ജഡ കെട്ടിയ മുടിയുടെ ഉള്ളിലേക്ക് വശം മാറ്റി നോക്കിയപ്പോൾ അവിടെ മാത്രം ഒരു കൈകുമ്പിളിൾ നിറയെ പേനുകൾ.

വീൽ ചെയറിൽ ഇരുന്നു കൊണ്ടു നിർത്താതെ തല ചൊറിഞ്ഞുകൊണ്ടു എന്നെ ഒന്നു നോക്കി ആ അമ്മ പറഞ്ഞു.

മോളെ അമ്മക്ക് തല ചൊറിഞ്ഞു ഭ്രാന്ത് ആവുന്നു. തലയിൽ പേൻ ഉണ്ടോ?

മോളെ അമ്മയുടെ തലയിൽ എന്താ ഉള്ളത്...?

ഞാൻ കയറി വന്നിട്ടേയുണ്ടായിരുന്നുള്ളൂ.കൈയിലെ ബാഗ് പൂക്കൾ നിറഞ്ഞ മാർബിൾ തറയിൽ പതുക്കെ വെച്ചുകൊണ്ട് അമ്മയുടെ തലയിൽ ഒന്നു തലോടികൊണ്ട് അമ്മയുടെ നീര് നിറഞ്ഞ മുഖത്തു നോക്കി കൊണ്ടു പറഞ്ഞു..

അമ്മയുടെ തലയിൽ പേൻ ഉണ്ട്. അതാണ് അമ്മയ്ക്ക് തല ചൊറിയുന്നത്.ഞാൻ ചീകി പോക്കി തരാം. ഞാൻ ബാഗ് ഒന്നു മുറിയിൽ വെയ്ക്കട്ടെ.

മോള് എന്നെ കുളിപ്പിച്ച് തരുമേ? ഞാൻ കുളിച്ചിട്ട് മാസം കഴിഞ്ഞു. വെള്ളം കുടിച്ചിട്ട് ആഴ്ച രണ്ടും. കുറച്ച് കട്ടൻ വെള്ളം കിട്ടിയാൽ അമ്മക്ക് ഇപ്പോൾ തന്നെ കുടിക്കാമായിരുന്നു.

അമ്മക്ക് അൽഷ്യമേസ് എന്ന രോഗം ആണെന്ന് അറിവുള്ളതുകൊണ്ട് തന്നെ ഒട്ടും നിരാശ വരുത്താതെ ഞാൻ പറഞ്ഞു.

നമുക്ക് കട്ടൻ കുടിച്ചിട്ട് കുളിക്കാം.

ഭക്ഷണ വേസ്റ്റ് നിറഞ്ഞ മഞ്ഞ പല്ല് കാണിച്ചുകൊണ്ട് ചിരിച്ചു പറഞ്ഞു..

നീ എന്റെ മോൾ അല്ലേ?

ആ കണ്ണുകൾ സ്നേഹം കൊണ്ടു തിളങ്ങി..

അതേ അമ്മാ ഞാൻ അമ്മയുടെ മോൾ ആണ്.ഇനി ഞാൻ കൂടെയുണ്ടാകും.ഹോം നേഴ്സ് ജോലിക്ക് പോകുന്ന എനിക്ക് എന്റെ മുൻപിൽ വരുന്ന ഓരോ അമ്മമാരും സ്വന്തം അമ്മ തന്നെയാണല്ലോ.അവൾ മനസ്സിൽ പറഞ്ഞു .

ഞാൻ ബാഗ് വീണ്ടും എടുത്തു കൊണ്ട് ആ വലിയ വീട്ടിൽ എനിക്ക് നിൽക്കാനുള്ള റൂം നോക്കുന്നതിനടയിൽ ഡോർ കുറച്ചു തുറന്നു എന്നെ ഒന്നു സൂക്ഷിച്ചു നോക്കികൊണ്ട് അധികം പ്രായമില്ലാത്ത നല്ല മുടിയുള്ള നുണക്കുഴിയുള്ള വെളുത്ത നല്ല ഭംഗിയുള്ള സ്ത്രീ ഫോണിൽ പറയുന്നത് ഞാൻ കേട്ടു..

പുതിയയായി വന്ന ഹോം നേഴ്സ് കാഴ്ച്ചയിൽ തരക്കേടില്ല.രണ്ടു ദി വസം കഴിയുമ്പോൾ അറിയാം സ്വഭാവം..

ആ അമ്മയുടെ മോൾ ആണെന്ന് കരുതുന്ന അവർ കുറച്ചു നിമിഷങ്ങൾക്കപ്പുറം ഫോൺ കട്ട് ചെയ്തുകൊണ്ട് ആ ഡോർ തുറന്നു പുറത്ത് വന്നു കൈ ചൂണ്ടി കാണിച്ചുകൊണ്ട് പറഞ്ഞു ആ റൂമിൽ നിനക്ക് കിടക്കാം..

അമ്മയുടെ മുറിയിൽ തന്നെ ആവും ഞാനും കിടക്കേണ്ടത് എന്ന ചിന്തയിൽ ആണ് വന്നത്. പക്ഷെ അമ്മ രാത്രിയിൽ ഒറ്റയ്ക്ക് ഉറങ്ങുന്നതാവും അതാണ് എനിക്ക് കിടക്കാൻ വേറെ മുറി തന്നത്.

ഹാളിൽ നിന്നും കാണുന്ന ഒരു നല്ല മുറി. ഡോർ തുറന്നു തന്നെ കിടക്കുകയാണ്. ഒന്നു കൂടി നോക്കി കൊണ്ട്

ഞാൻ ബാഗ് എടുക്കാൻ കുനിഞ്ഞപ്പോളാണ് ഇരിക്കുന്ന അമ്മയുടെ മടിയിൽ ഒരു പുസ്തകം കണ്ടത്.മഞ്ഞ ചട്ടയുള്ള നല്ല കട്ടിയുള്ള ബുക്ക്. സോളമന്റെ തേനീച്ചകൾ അതായിരുന്നു ആ ബുക്കിന്റെ പേര്.

ഓർമ്മ മാഞ്ഞു പോയ അമ്മയ്ക്ക് എന്തിനാണ് പുസ്തകം. അമ്മ വായിക്കുമോ മനസ്സിലേക്ക് ഓടി വന്ന ചോദ്യങ്ങൾ ബാക്കി വൈകാതെ അമ്മയുടെ തലയിൽ തലോടി ചോദിച്ചു..

അമ്മ വായിച്ചോ ഈ ബുക്ക്?

ചിരി നിറഞ്ഞ മുഖത്തു കണ്ണുകൾ പുതിയൊരു ഉന്മേഷം വന്നു കൊണ്ട് പറഞ്ഞു..

ഞാൻ വായിക്കും. അസ്സലായി വായിക്കും. അമ്മ ഈ കഥ മോൾക്ക് പറഞ്ഞു തരാം. ഇപ്പോൾ തന്നെ പറഞ്ഞു തരാം. എന്റെ കൈ പിടിച്ചു കൊണ്ട് അമ്മയുടെ അരികിലുള്ള കസേരയിൽ പിടിച്ചു ഇരുത്താൻ നോക്കുന്നതിനിടയിൽ ഞാൻ പറഞ്ഞു.

അമ്മ ഇപ്പോൾ പറഞ്ഞു തരേണ്ട. നാളെ മതി.

ഞാൻ ഈ ബാഗ് ആ മുറിയിൽ വെയ്ക്കട്ടെ..

തലയാട്ടി സമ്മതം തന്നപ്പോൾ ഞാൻ മുറിയിലേക്കു നടന്നു ബാഗ് വെച്ച്. ഒന്ന് ഇരുന്നു . നല്ല ക്ഷീണം യാത്രയുടെ ആണ് .കണ്ണിൽ ഉറക്കക്കുറവിന്റെ കനവും .

മുറി ചുറ്റും നോക്കി . നല്ല ഭംഗിയുള്ള മുറി.പക്ഷെ വിയർപ്പ് മണം നിറഞ്ഞു നിൽക്കുന്നുണ്ട് .ഒരു ചെറിയ കട്ടിൽ .അതിൽ ഒതുങ്ങി നിൽക്കാത്ത കിടക്ക .പച്ച തുണിയിൽ പൊതിഞ്ഞ തലയണയിൽ എണ്ണ മയം തെളിഞ്ഞു കാണാം .മുറിയുടെ മൂലയിൽ ഒരു മേശയും കസേരയും ഉണ്ട്. എഴുന്നേറ്റ് അടച്ചിട്ട ജനലിന്റെ കൊളുത്തു വിടർത്തി റൂമിലേക്കു വെളിച്ചം തുറന്നിട്ടു .

കുറച്ചു നേരം കൂടി അവിടെ ഇങ്ങനെ ഇരിക്കണമെന്നു ആഗ്രഹമുണ്ട് . പക്ഷെ അമ്മയ്ക്ക് കൊടുക്കാനുള്ള കട്ടൻ ചായയുടെ കാര്യം മനസ്സിൽ ഉള്ളതുകൊണ്ട് തന്നെ അധികം അവിടെ ഇരിക്കാതെ മുറിയിൽ നിന്നും എഴുന്നേറ്റു ആ വലിയ വീട്ടിൽ ഞാൻ അടുക്കള നോക്കി നടന്നു.

സൗകര്യങ്ങൾ നിറഞ്ഞ അടുക്കള. നിറയെ സാധനങ്ങൾ നിറഞ്ഞ ചെറിയ പാത്രങ്ങൾ. കടുക് മുതൽ പുട്ട് പൊടി വരെ പെട്ടന്നു കാണാൻ സാധിക്കുന്ന വിധത്തിൽ അടുക്കി വെച്ചിട്ടുണ്ട്.

അമ്മയക്ക് കട്ടൻ ചായ വേണമെന്ന ഓർമ്മയിൽ ഞാൻ ഗ്യാസ് അടുപ്പിന്റെ അരികിലേക്കു നടന്നു. ചായ പൊടി നിറഞ്ഞ ഗ്ലാസ് പാത്രം എടുത്തു കൊണ്ട് ഒരു ചെറിയ സ്റ്റീൽ പാത്രത്തിൽ വെള്ളം എടുത്തു അടുപ്പിൽ വെച്ച് ചായ തിളപ്പിച്ചു..

ഗ്ലാസ് എടുക്കാൻ നോക്കുന്നതിനിടയിൽ  മകൾ എന്നു  തോന്നിക്കുന്ന ആ  സ്ത്രീ വീണ്ടും വന്നു കൊണ്ട് പറഞ്ഞു.

നീ ചായ എടുത്തു അല്ലേ.. നീ അടുക്കള ഇത്ര പെട്ടന്നു പഠിച്ചോ? ആള് കൊള്ളാലോ.

അവരുടെ ഈ സംസാരം ഏതു രീതിയിൽ ആണെന് അറിയാതെ ഞാൻ ഒന്നു ചിരിക്കുക മാത്രം ചെയ്തു..

എന്താ നിന്റെ പേര് ?

പൂങ്കുടി

ഇതുവരെ കേൾക്കാത്ത പേരാണല്ലോ

എവിട്യ വീട് ?

ലക്ഷ്മിപുരം,   ദേവാല

മലയാളം നന്നായി അറിയാലോ ..കുറെ ആയിട്ടുണ്ടാകും അല്ലെ കേരളത്തിൽ ?

അതിർത്തിയിൽ ആണ് ലക്ഷ്മിപുരം .അതുകൊണ്ടു അറിയാം

എന്നെ ഒന്നുകൂടി സൂക്ഷിച്ചു നോക്കി കൊണ്ട് ചോദിച്ചു നിന്നെ വിശ്വസിക്കാൻ പ്രായമുള്ളവരെ നോക്കി പരിചയം ഉണ്ടല്ലോ അല്ലെ ?

ഉണ്ട്.. ഏഴു കൊല്ലം കഴിഞ്ഞു.

നന്നായി

കാര്യങ്ങൾ എല്ലാം നോക്കി കണ്ടറിഞ്ഞു ചെയ്യുക. ഞാൻ ഇവിടെ ഉണ്ടാകില്ല അധികവും. എന്നു കരുതി ശ്രദ്ധിക്കാൻ ആരും ഇല്ലെന്നു കരുതേണ്ട.. കണ്ടും അറിഞ്ഞു പെരുമാറിയിൽ നിനക്ക് നല്ലത് ..

ഞാൻ നീ വരാൻ വേണ്ടി കാത്തു നിൽക്കുകയായിരുന്നു. എനിക്ക് ഒന്നു പുറത്ത് പോകണം. രാത്രിയിൽ വരാൻ വൈകും.

അമ്മയുടെ കാര്യങ്ങൾ അറിയാൻ ഞാൻ ഒരു നമ്പർ തരാം. അതിൽ വിളിച്ചാൽ മതി. അവള് പറഞ്ഞു തരും. നിന്റെ മുൻപ് ഉള്ള ഹോം

നേഴ്സ് നമ്പർ ആണെന്ന് പറഞ്ഞു കൊണ്ട്  എഴുതി കൈയിൽ വെച്ച പേപ്പർ തന്നു കൊണ്ട് അവർ ഇറങ്ങി..

ഒന്നും അധികം അങ്ങോട്ട് ചോദിക്കാൻ അവസരം തരാതെ അവർ അങ്ങ് പോയപ്പോൾ ഈ വലിയ വീട്ടിൽ ഞാനും ഓർമയില്ലാത്ത അമ്മയും മാത്രം.

എന്ത് എവിടെ തുടങ്ങണം എന്നറിയാത്ത

പുതിയ ജോലി  സ്ഥലത്തു അവൾ തളരാതെ പതിവ് പോലെ തുടങ്ങി .

കാച്ചിയ കട്ടൻ ചായ ആറ്റി ഗ്ലാസ് തിരയുന്നതിനടയിൽ അമ്മയുടെ പാത്രങ്ങൾ എന്ന എഴുത്തിന്റെ ഭാഗത്തു ഒരു ഗ്ലാസും ഒരു പ്ലേറ്റും . രണ്ടും സ്റ്റീൽ പാത്രങ്ങൾ . ഞാൻ ആ ഗ്ലാസ് എടുത്തുകൊണ്ടു ഒന്ന് ശരിക്കും നോക്കി . വീണു ചതങ്ങിയിട്ടുണ്ട് . ചുണ്ടു കൊള്ളുന്ന ഭാഗം കോടിയിട്ടുണ്ട് . ഉള്ളിൽ നിറയെ ചായ കറ .അതുപോലെ തന്നെ പ്ലേറ്റും . ഞാൻ ചൂട് ചായ ഈ ഗ്ലാസിൽ കൊടുക്കാൻ മനസ്സ്  വരാത്തതുകൊണ്ടു തന്നെ മുന്നിൽ കണ്ട കുപ്പി ഗ്ലാസിൽ ആറ്റിയ ചായ നിറച്ചു ഒഴിച്ചു അമ്മയ്ക്ക് കൊടുക്കാൻ അടുക്കളയിൽ നിന്നും നടന്നു .

വീൽചെയറിൽ കഴുത്തു ഒരു സൈഡിലേക് ചരിഞ്ഞു കൊണ്ട് തല താഴ്ത്തി ചരിഞ്ഞു കിടക്കുന്ന അമ്മയെ കൈ കൊണ്ട് താങ്ങി ഉയർത്തി തലയണ നേരെ വെച്ച് ശരിക്കും ഇരുത്തി ചായ കൊടുത്തപ്പോൾ കുപ്പി ഗ്ലാസ് നോക്കി  നിറഞ്ഞസന്തോഷത്തിൽ ചോദിച്ചു

ഇതു എനിക്കണോ ?

അതെ .'അമ്മ കുടിക്കൂ..

മോൾക്കു എവിടെ ?

അകത്തു ഉണ്ട്

. അമ്മ കുടിച്ചു ഞാൻ കുടിച്ചോളും .

ഞാൻ ഗ്ലാസ് പിടിച്ചു കൊടുത്തുകൊണ്ട് ചായ കുടിക്കാൻ അമ്മയെ സഹായിച്ചു .

ഒറ്റ വലിക്കു തന്നെ 'അമ്മ ചായ മുഴുവൻ കുടിച്ചു .എന്നെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു

ഈ വെള്ളത്തിന് നല്ല രസമുണ്ട്'

അമ്മയിക്ക് ഇനി വേണോ ?

ഒരു ഗ്ലാസ് കൂടി കിട്ടിയാൽ കുടിക്കാമായിരുന്നു .

ഞാൻ അടുക്കളയിൽ ബാക്കിയുള്ളത്'എടുത്തു അമ്മയ്ക്ക് കൊടുത്തു'

ഇപ്പോളും തല ചൊറിയുന്ന

അമ്മയുടെ പിറകിൽ ഇരുന്നു

കൊണ്ട് എന്റെ ബാഗിൽ ഉള്ള പേൻ ചീർപ്പ് കൊണ്ട് അമ്മയുടെ തല ചീവാൻ തുടങ്ങി.

'അമ്മ രണ്ടു' കൈ കൊണ്ടും തല ചൊറിഞ്ഞു കൊണ്ട് ചീവാൻ ഇടയ്ക്ക് സമ്മതിക്കാതെ ഇരുന്നപ്പോളും

ഞാൻ സാവധാനം ഓരോന്ന് പറഞ്ഞു കൊണ്ട് ചീവി തുടങ്ങി.

അമ്മയുടെ മുടിയുടെ അടിയിലായി ഒരു പേപ്പർ വെച്ചുകൊണ്ട് ചീവി ഇട്ടപ്പോൾ ആ പേപ്പറിൽ നിറയെ

പേനുകൾ നിറഞ്ഞു തുടങ്ങി .വീണ്ടും വീണ്ടും അമ്മയുടെ മുടിയുടെ ഇടയിലേക്ക് ചീർപ്പിന്റെ പല്ലുകൾ ഇറങ്ങി പോയപ്പോൾ പേപ്പറിൽ ഒരു വെളുത്ത ഭാഗവും കാണാൻ കഴിയാത്ത രീതിയിൽ പേൻ മൂടി .

ദേഷ്യത്തോടെ തല മാന്തി പറിയിക്കുന തലയുടെ ഇടതു ഭാഗത്തു മുടി ചീവാൻ നോക്കിയപ്പോൾ 'അമ്മ സമ്മതിക്കുന്നില്ല .

അവിടെ തന്നെ വിരൽ കൊണ്ട് ശക്തിയിൽ പറിച്ചു എടുകുന്നപോലെ ചൊറിയുന്നു . ഞാൻ ശരിക്കും മുടി മാറ്റി നോക്കിയപ്പോൾ തലയോട്ടി കാണുന്ന രീതിയിൽ തലയുടെ അടി ഭാഗത്തു ചോരയും ചലവും നിറഞ്ഞു മുറിവ് പഴുത്ത നിലയിൽ ചോര ഒലിക്കുന്നു .

ആ കാഴ്ച്ചയിൽ ചീർപ്പ്  എന്റെ കൈയിൽ നിന്നും അറിയാതെ നിലത്തു വീണു പോയിരിക്കുന്നു. ആ  ഞെട്ടലിൽ നിന്നും ഞാൻ വീണ്ടും വീണ്ടും നോക്കിയപ്പോൾ അവിടെ പുഴുകൾ ജീവനോടെ വെളിച്ചം കണ്ട ഭാഗത്തിന് നേരെ ആളച്ചു വരുന്നു .ആരും നോക്കാൻ ഇല്ലാതെ വേദന കൊണ്ട് പുളഞ്ഞു പറയാൻ അറിയാതെ ‘അമ്മ ഈ ചൊറി ഞ്ഞത് മുഴുവൻ ഈ പുഴുക്കളുടെ മേൽ കൂടിയാണ് .

ഞാൻ കൂടുതൽ നോക്കിയതോടെ മുടി ജട കെട്ടിയ ഭാഗത്തു ഒരു ചെറിയ ഉണ്ട പോലെ പേൻ നിറഞ്ഞു  തുടങ്ങിയിട്ടുണ്ട് .ഞാൻ നിറഞ്ഞ ദുഖത്തോടെ അമ്മയുടെ  ചോദിച്ചു

‘അമ്മയ്ക്ക് എത്ര മക്കൾ ഉണ്ട്?

ചിരിച്ചുകൊണ്ട് താനെ എന്റെ കണ്ണിൽ നോക്കി പറഞ്ഞു മൂന്ന് പേരുണ്ട്

അവർ എവിടെ ?അമ്മയെ കാണാൻ വരാറിലെ ?

എന്നും വരും ഇന്നും വന്നിട്ടുണ്ട് .അവർ ഇവിടെയുണ്ട് .പുറകിൽ ചക്ക നന്നാകുകയാണ് . മോന്തിയ്ക്ക് ചക്ക പുഴുങ്ങും നിനക്കും തരാൻ പറയാം .ഒണക്ക മീൻ കൂടി നമുക്ക് തിന്നാം ..

ആ പഴയ ഓർമകളിൽ ‘അമ്മ പലതും പറയുന്നു .ആരും തിരിഞ്ഞു നോക്കാതെ അമ്മയുടെ ഓർമയിൽ ഇല്ലാത്തവരും അടുത്ത് തന്നെയുണ്ട് ..പാവം .

അമ്മയുടെ തലയിൽ നിന്നും കൈ എടുത്തുകൊണ്ടു ഞാൻ ചൊറിയുന്ന അമ്മയുടെ കൈ മാറ്റിക്കൊണ്ട്

ഐശ്വരം തുളുമ്പുന്ന അമ്മയുടെ മുഖം കൈയിൽ എടുത്തുകൊണ്ടു വീണ്ടും ചോദിച്ചു

ഇപ്പോൾ ഇവിടെ നിന്നും പോയതാരാണ് മോൾ ആണോ ?

കുറച്ചു നേരം ചിന്തിച്ചു , പിന്നെ പറഞ്ഞു  എവിടെ ആരും ഇല്ലാലോ ?

ആരും പോയിട്ടില്ലലോ

അമ്മയ്ക്കു ഓർത്തെടുക്കാൻ കഴിയുന്നില്ല ..അമ്മയ്ക്ക് ഇന്നുകൾ ഇല്ല . ഇന്നലെകൾ മാത്രം അതും അമ്മയുടെ ബാല്യം മാത്രം .

ഞാൻ സംസാരം അവസാനിപ്പിച്ചു കൊണ്ട് അമ്മയുടെ തലയിലേക്കു തന്നെ നോക്കി

എന്റെ മിഴികൾ നിറഞ്ഞു തുടങ്ങുന്നു .പുഴുക്കൾ നിറഞ്ഞ പഴുപ്പുമായി ഇങ്ങനെ

ഇത്രയും നാൾ വേദന തിന്നു കഴിഞ്ഞ ഈ 'അമ്മയെ ഇവർക്കു ആർക്കും വേണ്ടേ ?

ഒരുപാട് ചോദ്യങ്ങൾ ..സ്ഥലം ഒഴിയാൻ കാത്തു നിൽക്കുന്ന മക്കളുടെ കാലം ..അതിനിടയിൽ എന്നെ പോലെയുള്ള കുറച്ചു പേർ വന്നു പോകുന്നു .മാസം ഒരു രൂപ എണ്ണാൻ കിട്ടുന്നത് കൊണ്ട് വരുന്നവരുടെ മനസാക്ഷി പുറത്തു എന്തെങ്കിലും ഒരു നേരമെങ്കിലും ഇങ്ങനെയുള്ള അമ്മമാർക്ക് തിന്നാൻ കിട്ടിയാൽ അത് ഭാഗ്യം ..അല്ലാതെ തിരിഞ്ഞു നോക്കാൻ ആരുമില്ലാത്തവർക്കു ആര് തുണ ..

പെട്ടന്നു തന്നെ ഒരു ഓർമ്മ വന്നപ്പോൾ അമ്മ പറഞ്ഞു

അപ്പു കരയുന്നുണ്ട് .. കേൾക്കുന്നില്ലേ ?ജനലിന്റെ പിറകിൽ നിന്നാണ് ..

ജനല് തുറന്നാൽ നിനക്ക് കേൾക്കാം.

അവനു വിശക്കുന്നുണ്ടാകും അതാണ് അപ്പു കരയുന്നത് . മോന് കുറച്ചു ചോറ് ഞാൻ കൊടുക്കട്ടെ ..അത് കഴിഞ്ഞിട്ട് മുറ്റം അടിക്കാം . തല കുളിക്കേണ്ട .ഇപ്പോൾ വാങ്ക് വിളിക്കും . മോന്തിയ്ക്കു വിളക്ക് വെയ്ക്കാനും ആയി . അമ്മ പറഞ്ഞു കൊണ്ടിരിക്കുന്നു.

ഏതോ ഓർമയിൽ അമ്മ എന്തൊക്കയോ പറയുന്നു.ഞാൻ ചോദിച്ചു

അമ്മേ

ആരാണ് അപ്പു ?

എന്റെ മോൻ ?

കീറിയ കുപ്പായം ഇട്ട അപ്പു അവിടെ കിടന്നു കളിക്കുന്നുണ്ട് .ഞാൻ പോയി നോക്കട്ടെ ..

വീൽ ചെയറിൽ നിന്നും എഴുന്നേൽക്കാൻ കഴിയാത്ത ‘അമ്മ എന്നെ നോക്കി കൊണ്ട് ചോദിച്ചു

ഊര ഇങ്ങോട്ടു പൊക്കാൻ വയ്യ ഒന്ന് എന്റെ കൈ പിടിക്കുമോ ?

ഞാൻ മനസിലാക്കി തുടങ്ങുന്നു .ഈ അമ്മയ്ക്ക് മോൻ ഉണ്ട് .അവന്റെ കുട്ടിക്കാലമാണ് ഓർമ്മയിൽ ഉള്ളത്

അവനെയാണ് ‘അമ്മ അന്വേഷിക്കുന്നത് ..അവൻ എവിടെയാണ് ഇപ്പോൾ.. ഈശ്വര ?

ഞാൻ ചിന്തയിൽ നിന്നും ഉണർന്നു പറഞ്ഞു,

കുറച്ചു കഴിഞ്ഞിട്ട് നമ്മൾക്കു അപ്പുവിന് ചോറ് കൊടുക്കാം .അപ്പു അവിടെ കിടന്നു കളിക്കുകയാണ് . കളി കഴിഞ്ഞു കുറച്ചു ഉറങ്ങി അപ്പു ഉണരും അപ്പോൾ നമുക്ക് അപ്പുവിനെ മടിയിൽഇരുത്തി തിന്നാൻ കൊടുക്കാം . അതുവരെ അമ്മയുടെ തലയിലെ പേൻ മുഴുവൻ ഞാൻ എടുക്കാം ..

അത് കേട്ടപ്പോൾ ഒരു അർദ്ധ മനസോടെ എന്റെ കണ്ണിൽ നോക്കി പറഞ്ഞു എന്നാൽ നമുക്ക് അവൻ ഉറങ്ങുന്നത് ഒന്ന് നോക്കിയിട്ടു വരം .

ഞാൻ നോക്കിയിട്ടു വരാം . അമ്മ ഇവിടെ ഇരുന്നോ..

ഞാൻ വെറുതെ അകത്തു വരെ നടന്നു വന്നുകൊണ്ടു വീണ്ടും അമ്മയുടെ തലയിൽ കൈവെച്ചു ജട മാറ്റി നോക്കാൻ തുടങ്ങി .

പഴുത്തു പൊട്ടിയ തലയിൽ നിന്നും ഒരു തരം ദുർഗന്ധം വമിച്ചു തുടങ്ങിയിട്ട് . കുറച്ചു ഡെറ്റോൾ കിട്ടിയാൽ ഇതൊന്നു ക്ലീൻ ചെയ്ത്തു മരുന്നു വെയ്ക്കാൻ നോക്കാമായിരുന്നു എന്ന ചിന്തയിൽ എഴുന്നേൽക്കാൻ നോക്കുമ്പോൾ അമ്മയുടെ മടിയിൽ വീണ പേൻ അമ്മ കൈയിൽ എടുത്തുകൊണ്ടു സൂക്ഷിച്ചു നോക്കി പറഞ്ഞു

മോളെ ഇതു വെളുത്ത പേൻ ആണല്ലേ? അമ്മ പറഞ്ഞപ്പോൾ ഞാൻ ഒന്നുകൂടി ശരിക്കും നോക്കി.  അതെ വെളുത്ത പേൻ ആണ് ഞാൻ മറുപടി ഒന്നും പറഞ്ഞില്ല

'അമ്മ വീണ്ടും നോക്കി കൊണ്ട് പറഞ്ഞു

അപ്പുവിന്റെ തലയിൽ നിറയെ വെളുത്ത പേൻ ഉണ്ടായിരുന്നു .എനിക്ക് പേടിയായിരുന്നു അവനു എന്തെങ്കിലും പറ്റി പോകുമോയെന്നു.

വെളുത്ത പേൻ ഉണ്ടായാൽ എന്താ?

ഭൂമിയിലെ വെള്ളവും വറ്റും  അവസാനിക്കാൻ ആവുമ്പോൾ തലയിൽ വെളുത്ത പേൻ നിറയും.ചാവ് പേൻ. എന്റെ അമ്മ മരിക്കാൻ ആയപ്പോളും വെളുത്ത പേൻ നിറയെ ഉണ്ടായിരുന്നു.

ഭാഗ്യത്തിന്  അപ്പുവിന് ഒന്നും പറ്റിയിട്ടില്ല അതാ നീ നോക്ക് അതാ ആ ചുമരിൽ ചിരിച്ചു കൊണ്ടു ഫോട്ടോയിൽ എന്നെ നോക്കി അപ്പു ചിരിക്കുന്നത് നീ കാണുന്നില്ലേ ?

ഞാൻ ഒരു  ഞെട്ടലോടെ അമ്മ പറഞ്ഞിടത്തേക്ക് നോക്കി

അതേ കണ്മുൻപിൽ ഉള്ള കാഴ്ച്ചയിൽ അമ്മ പറഞ്ഞതു നേരായിരുന്നു.

അമ്മയെ പോലെ തന്നെ വെളുത്ത സുന്ദരനായ ഒരു പതിനെട്ടു വയസ്സ് തോന്നിക്കുന്ന അപ്പുവിന്റെ ഫോട്ടോയിലേക്ക് ഞാൻ കണ്ണെടുക്കാതെ   നോക്കി.

പ്ലാസ്റ്റിക്കിന്റെ വെളുത്ത മുല്ല പൂവ് മാല തൂക്കിയ ഫോട്ടോയിൽ ഒരു ചുവന്ന ബൾബ് പതിഞ്ഞു കത്തുന്നുണ്ട്. മാറാലയും പൊടിയും നിറഞ്ഞ അപ്പുവിന്റെ ചിത്രം കഴിഞ്ഞ കാലത്തിന്റെ പഴക്കം വിളിച്ചു പറയുമ്പോൾ അപ്പു അപ്പോളും അമ്മയെ നോക്കി ചിരിക്കുണ്ടായിരുന്നു  ..

എന്റെ മിഴികൾ സാക്ഷിയായി ഞാൻ അമ്മയെയും അപ്പുവിനെയും മാറി മാറി നോക്കി.

പുറത്തു  നിന്നു പുതു മഴയുടെ ഗന്ധം പടരുന്നു. ഇലയിൽ കാറ്റ് പിടിക്കുന്നു. അപ്പുവിന്റെ ഫോട്ടോയുടെ മുൻപിലെ ആ ചുവന്ന ബൾബ് അണഞ്ഞു. ഫാൻ ജീവനില്ലാതെ കറങ്ങാൻ തുടങ്ങി. വെളിച്ചം കെട്ട അപ്പുവിനെ നോക്കി

അമ്മ  കണ്ണുകൾ ഒഴുകി തുടങ്ങി .മകനേ മറക്കാൻ കഴിയുന്ന ഒരു അസുഖവും ഇതുവരെ ഉണ്ടായിട്ടില്ലെന്നു ഞാൻ മനസ്സിൽ ഉറപ്പിക്കുന്ന നിമിഷങ്ങൾ..

വീൽ ചെയർ ഒന്നു നിരങ്ങി. അമ്മയുടെ കണ്ണുകൾ അടഞ്ഞു തുടങ്ങുന്നു. ഒന്നു രണ്ടു വട്ടം ചുമച്ചു കൊണ്ട് കണ്ണുകൾ തുറന്നു അടയുന്ന പോലെ. എന്റെ കൈയിലെ അമ്മയുടെ പിടുത്തം അയഞ്ഞു തുടങ്ങുന്നു  അപ്പോളും അമ്മയുടെ കൈയിൽ വിരൽ തുമ്പിൽ  തുടുത്ത അ വെളുത്ത ചാവ് പേൻ അടുത്ത മരണം പറഞ്ഞു കൊണ്ട് സാവധാനം ചുളിഞ്ഞ ഞരമ്പുകൾ തേടി നീങ്ങി തുടങ്ങിയിരുന്നു.